**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **29-09-2025 - ൽ മറുപടിയ്ക്ക്**

**നാല് വർഷ ബിരുദ സമ്പ്രദായത്തിലെ പരീക്ഷകളുടെ നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള സർവകലാശാലകളിൽ നടപ്പിലാക്കുന്ന നാല് വർഷ ബിരുദ സമ്പ്രദായത്തിലെ പരീക്ഷകളുടെ നടത്തിപ്പിൽ സമയ ക്ലിപ്തത പാലിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നാലുവർഷ ബിരുദപദ്ധതി (FYUGP) നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർവകലാശാലകളിൽ ഏകീകൃത അക്കാദമിക്-പരീക്ഷാ കലണ്ടർ പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ സർവകലാശാലകളിലെ എല്ലാ അക്കാദമിക് പ്രവർത്തനങ്ങളും ഏകോപിതമായി രീതിയിൽ നടന്നു വരുന്നു. അക്കാദമിക് - പരീക്ഷ കലണ്ടറിൽ നിശ്ചയിച്ചിട്ടുള്ള നാല് വർഷ ബിരുദ സമ്പ്രദായത്തിലെ പരീക്ഷകളുടെ നടത്തിപ്പിലും സമയ ക്ലിപ്തത പാലിക്കുന്നുണ്ട്. സർവ്വകലാശാല വൈസ് ചാൻസലർമാർ ഉൾപ്പെട്ട സമിതിയും രജിസ്ട്രാർമാർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | ഈ സാഹചര്യത്തിൽ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ ഫലപ്രഖ്യാപനം വേഗത്തിൽ ക്രമീകരിക്കുന്നതിന് സർവകലാശാലകൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പരീക്ഷകൾ പൂർത്തിയായതിനു ശേഷം ഒരു മാസത്തിനുള്ളിൽ ഫലം പ്രസിദ്ധീകരിക്കണമെന്ന് അക്കാദമിക്-പരീക്ഷാകലണ്ടറിൽ വ്യവസ്ഥ ചെയ്തിരുന്നു. സംസ്ഥാനത്തെ മിക്ക സർവകലാശാലകളും പരീക്ഷഫലം മുകളിൽ പരാമർശിച്ചതു പ്രകാരം നിശ്ചിത സമയ പരിധിക്കുമുൻപ് തന്നെ പ്രഖ്യാപിച്ചു വരുന്നുണ്ട്. നിലവിൽ ഈ അക്കാദമിക വർഷത്തെ ആദ്യ സെമെസ്റ്ററുകളുടെ പരീക്ഷ ഫലം പ്രസിദ്ധികരിച്ചു കഴിഞ്ഞു. സർവകലാശാലകളിൽ നടപ്പാക്കിയ K-REAP സോഫ്റ്റ്വെയർ മുഖേന വിദ്യാർത്ഥികൾക്ക് അവരുടെ ഫലം ഉടൻ തന്നെ മൊബൈൽ ആപ്പിലൂടെ ലഭ്യമാക്കുന്നതിനും അവരുടെ മാർക്ക്ലിസ്റ്റ് ഉടൻ തന്നെ ഡൌൺ ലോഡ് ചെയ്തു എടുക്കാനും സാധിക്കുന്നു. പലപ്രഖ്യാപനത്തിനു ശേഷം മാർക്ക് |

| | | | |
|---|---|---|---|
| | | | ലിസ്റ്റ് കിട്ടാനുള്ള കാലതാമസവും ഒഴിവാക്കാൻ സാധിച്ചു. |
| (സി) | പ്രധാന പരീക്ഷകളിൽ നിശ്ചിത മിനിമം നിലവാരം നേടാൻ കഴിയാതെ പോകുന്ന വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷകൾ വേഗത്തിൽ നടത്തി ഫലം പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | വിദ്യാർത്ഥികൾക്ക് ഫലം മെച്ചപ്പെടുത്താനുള്ള നീതിപൂർണ്ണ അവസരം നൽകുന്നതിനായി സർവകലാശാലകൾ സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് തൊട്ടടുത്ത സെമസ്റ്റർ നടക്കുന്നതിനിടയിൽ തന്നെ നടത്തുന്നതിന് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നാല്വ വർഷ ബിരുദ കോഴ്സിന് ചേരുന്ന വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനായി മറ്റ് സർവകലാശാലകളിലേയ്ക്ക് മാറുന്നതിന് അവസരമുണ്ടോ; വിശദമാക്കാമോ? | (ഡി) | FYUGP നടപ്പാക്കലിന്റെ ഭാഗമായി കൊണ്ടുവന്ന മറ്റൊരു പ്രധാന പരിഷ്കാരം ഇൻട്രാ, ഇന്റർ സർവകലാശാല ട്രാൻസ്ഫർ സൗകര്യം ആണ്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ പ്രധാന വിഷയവും, പഠന കോളേജും, സർവകലാശാലയും മാറ്റാൻ കഴിയും. ഇതോടെ വിദ്യാർത്ഥികൾക്ക് കൂടുതൽ അക്കാദമിക് സ്വാതന്ത്ര്യവും സൗകര്യവും ലഭിക്കുന്നു. ഈ നടപടികൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സംവിധാനത്തെ കൂടുതൽ വിദ്യാർത്ഥി സൗഹൃദപരവും, ഫലാധിഷ്ഠിതവുമായ രീതിയിലേക്ക് മാറ്റാൻ സഹായിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ